# സ്വഹാബികളെ പിന്തുടരുക:

## ഖുർആൻ അവരെ പരിചയപ്പെടുത്തുന്നു


## ശൈഖ് മുഹമ്മദ് സ്വലാഹ് മുഹമ്മദ് അസ്സ്വാവി

വിവ. കബീർ എം. പറളി


സച്ചരിതരായ സ്വഹാബത്തിന്റെ ഗുണവിശേഷണങ്ങൾ ഖുർആനിൽ പരന്നു കിടക്കുന്നുണ്ട്. പ്രതിയോഗികൾക്ക് തലവേദന സൃഷ്ടിക്കുന്ന പ്രസ്താവങ്ങളാണ് അവ മുഴുവൻ. അല്ലാഹുവിൽ വിശ്വസിക്കുകയും, പ്രബോധന രംഗത്ത് പ്രവാചകന് ശക്തിപകരുകയും, ഇസ്ലാമിക സേവന മാർഗ്ഗത്തിൽ തനുവും ധനവും ചെലവഴിക്കുകയും ചെയ്ത ഉത്തമ സമൂഹത്തെ പടച്ച തമ്പുരാൻ തന്നെ സംരക്ഷിക്കുന്ന ചിത്രമാണ് ഖുർആനിൽ നിന്ന് നമുക്ക് കാണാനാകുന്നത്. നബി(സ്വ)യുടെ വിയോഗാനന്തരം സ്വഹാബികളിൽ ഭൂരിഭാഗവും മതഭ്രഷ്ടരായിത്തീർന്നവരാണ് എന്ന ശീഈ പ്രഭൃതികളുടെയും അവരുടെ അനുഭാവികളുടേയും വാദങ്ങളെ നിഷ്പ്രഭമാക്കുന്നവയാണ് ഖുർആനിക വചനങ്ങൾ. സ്വഹാബത്തിനെ വിശദീകരിക്കുന്ന പ്രസ്തുത സൂക്തങ്ങളിലൂടെ നമ്മുടെ ശ്രദ്ധ കടന്നുപോകുന്നത്, അവരെ സംബന്ധിച്ച മതിപ്പു വർദ്ധിക്കുന്നതിന്ന് സഹായകമായിത്തീരും.

1. യഥാർഥ വിശ്വാസികൾ

അല്ലാഹു പറയുന്നു:

﴿والذين آمنوا وهاجروا وجاهدوا في سبيل الله والذين آووا ونصروا أُولَئك هم الْمؤمنونَ حقا لَهم مغفرةٌ ورزق كَريم﴾ (الأنفال: 74)

വിശ്വസിക്കുകയും സ്വദേശം വെടിഞ്ഞ് പോകുകയും അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിൽ ഏർപെടുകയും ചെയ്തവരും, അവർക്ക് അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും തന്നെയാണ് **യഥാർത്ഥത്തിൽ സത്യവിശ്വാസികൾ.** അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും. (അൻഫാൽ: 74)

2. നേർമാർഗം സ്വീകരിച്ചവർ

അല്ലാഹു പറയുന്നു:

﴿ولَكن الله حبب إِلَيكُم الْإِيمانَ وزينه في قُلُوبِكُم وكَره إِلَيكُم الْكُفْر والْفُسوق والْعصيانَ أُولَئك هم الراشدونَ﴾ (الحجرات: 7)

അല്ലാഹുവിന്റെ റസൂലാണ് നിങ്ങൾക്കിടയിലുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നെങ്കിൽ നിങ്ങൾ വിഷമിച്ച് പോകുമായിരുന്നു. എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമ്മവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു **നേർമാർഗം സ്വീകരിച്ചവർ.** (ഹുജ്റാത്: 7)

3. വിജയം പ്രാപിച്ചവർ

അല്ലാഹു പറയുന്നു:

﴿الذين آمنوا وهاجروا وجاهدوا في سبِيلِ الله بِأَموالهِم وأَنفُسِهم أَعظَم درجةً عند الله وأُولَئك هم الْفَائزونَ﴾ (التوبة: 20)

വിശ്വസിക്കുകയും സ്വദേശം വെടിയുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവർ അല്ലാഹുവിങ്കൽ ഏറ്റവും മഹത്തായ പദവിയുള്ളവരാണ്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ. (തൗബ; 20)

4. സത്യവാന്മാർ

അല്ലാഹു പറയുന്നു:

﴿لِلْفُقَرَاءِ الْمهاجِرِين الذين أُخرجوا من ديارِهم وأموالهم يبتغونَ فَضلًا من الله ورِضوانا وينصرونَ الله ورسولَه أُولَئك هم الصادقُونَ﴾ (الحشر: 8)

അതായത് സ്വന്തം വീടുകളിൽ നിന്നും സ്വത്തുക്കളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രൻമാർക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം.) അവർ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായിക്കുകയും ചെയ്യുന്നു. അവർ തന്നെയാകുന്നു **സത്യവാൻമാർ.** (ഹശ്ർ: 8)

5. അല്ലാഹുവിന്റെ തൃപ്തി ലഭിച്ചവരും അല്ലാഹുവിനെ തൃപ്തിപ്പെട്ടവരും

അല്ലാഹു പറയുന്നു:

﴿والسابِقُونَ الْأَولُونَ من الْمهاجِرِين والْأَنصارِ والذين اتبعوهم بِإِحسان رضي الله عنهم ورضوا عنه وأَعد لَهم جنات تجرِي تحتها الْأَنهار خالدين فيها أَبدا ذَلك الْفَوز الْعظيم﴾ (التوبة: 100)

മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ **അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു.** താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം. (തൗബ: 100)

6. അല്ലാഹുവിന്റെ കനിവിനും കരുണക്കും അർഹരായവർ

അല്ലാഹു പറഞ്ഞു:

﴿لَقَد تاب الله علَى النبِي والْمهاجِرِين والْأَنصارِ الذين اتبعوه في ساعة الْعسرة من بعد ما كَاد يزِيـغُ قُلُـوب فَرِيقٍ منهم ثُم تاب علَيهِم إِنه بِهِم رءُوف رحيم﴾ (التوبة: 117)

തീർച്ചയായും പ്രവാചകന്റെയും, ഞെരുക്കത്തിന്റെ ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്നവരായ മുഹാജിറുകളുടെയും അൻസാറുകളുടെയും നേരെ അല്ലാഹു കനിഞ്ഞ് മടങ്ങിയിരിക്കുന്നു- അവരിൽ നിന്ന് ഒരു വിഭാഗത്തിന്റെ ഹൃദയങ്ങൾ തെറ്റിപ്പോകുമാറായതിനു ശേഷം. **എന്നിട്ട് അല്ലാഹു അവരുടെ നേരെ കനിഞ്ഞു മടങ്ങി. തീർച്ചയായും അവൻ അവരോട് ഏറെ കൃപയുള്ളവനും കരുണാനിധിയുമാകുന്നു.** (തൗബ: 117)

7. അല്ലാഹുവിൽ നിന്ന് സന്തോഷവാർത്ത ലഭിച്ചവർ

അല്ലാഹു പറഞ്ഞു:

﴿الذين آمنوا وهاجروا وجاهدوا في سبِيلِ الله بِأَموالهِم وأَنفُسِهِم أَعظَم درجةً عند الله وأُولَئِـك هـم الْفَـائزونَ * يبشرهم ربهم بِرحمة منه ورضوان وجنات لَهم فيها نعيم مقيم﴾ (التوبة: 20-21)

വിശ്വസിക്കുകയും സ്വദേശം വെടിയുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവർ അല്ലാഹുവിങ്കൽ ഏറ്റവും മഹത്തായ പദവിയുള്ളവരാണ്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ. **അവർക്ക് അവരുടെ രക്ഷിതാവ് അവന്റെ പക്കൽ നിന്നുള്ള കാരുണ്യത്തെയും പ്രീതിയെയും സ്വർഗത്തോപ്പുകളെയും പറ്റി സന്തോഷവാർത്ത അറിയിക്കുന്നു.** അവർക്ക് അവിടെ ശാശ്വതമായ സുഖാനുഭവമാണുള്ളത്. (തൗബ: 20, 21)

8. ഉത്തമ സമുദായം

അല്ലാഹു പറഞ്ഞു:

﴿كُنتم خير أُمة أُخرجت للناسِ تأمرونَ بِالْمعروف وتنهونَ عنِ الْمنكرِ وتؤمنونَ بِالله﴾ (آل عمران: 110)

മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട **ഉത്തമസമുദായമാകുന്നു** നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. (ആലു ഇംറാൻ: 110)

9. സൂക്ഷ്മത പാലിക്കാൻ അർഹതയുള്ളവർ

അല്ലാഹു പറഞ്ഞു:

﴿إِذْ جعلَ الذين كَفَروا في قُلُوبِهم الْحميةَ حميةَ الْجاهلية فَأَنزلَ الله سكينته علَى رسوله وعلَى الْمـؤمنِين وأَلْـزمهم كَلمةَ التقْوى وكَانوا أَحق بِها وأَهلَها وكَانَ الله بِكُلِّ شيءٍ عليما﴾ (الفتح: 26)

സത്യനിഷേധികൾ തങ്ങളുടെ ഹൃദയങ്ങളിൽ ദുരഭിമാനം- ആ അജ്ഞാനയുഗത്തിന്റെ ദുരഭിമാനം -വെച്ചു പുലർത്തിയ സന്ദർഭം! അപ്പോൾ അല്ലാഹു അവന്റെ റസൂലിന്റെ മേലും സത്യവിശ്വാസികളുടെ മേലും അവന്റെ പക്കൽ നിന്നുള്ള മനസ്സമാധാനം ഇറക്കികൊടുത്തു. **സൂക്ഷ്മത പാലിക്കാനുള്ള കൽപന സ്വീകരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്തു. (അത് സ്വീകരിക്കാൻ) കൂടുതൽ അർഹതയുള്ളവരും അതിന് അവകാശപ്പെട്ടവരുമായിരുന്നു അവർ.** അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനായിരിക്കുന്നു. (ഫത്ഹ്: 26)

10. സത്യനിഷേധികൾക്ക് അരിശമുണ്ടാകും വിധം വളർന്ന് കരുത്താർജ്ജിച്ചവർ

അല്ലാഹു പറഞ്ഞു:

﴿ومثَلُهم في الْإِنجِيلِ كَزرعٍ أَخرج شطْأَه فَآزره فَاستغلَظَ فَاستوى علَى سوقه يعجِب الزراع ليغيظَ بِهِم الْكُفَّار وعد الله الذين آمنوا وعملُوا الصالحات منهم مغفرةً وأَجرا عظيما﴾ (الفتح: 29)

ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചു കൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നു നിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) **അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു.** അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു. (ഫത്ഹ്: 29)

മുകളിൽ പ്രസ്താവിച്ചതുപോലെ, സ്വഹാബത്തിനോട് ശത്രുത വെച്ചു പുലർത്തുന്ന റാഫിദികൾ കാഫിറുകളാണ് എന്ന് ഇമാം മാലിക്(റ) വിധി പറഞ്ഞത് ഈ ആയത്തിനെ അടിസ്ഥാനമാക്കിയാണ്. അദ്ദേഹം പറഞ്ഞു: പ്രവാചകന്റെ സ്വഹാബികളോട് അരിശം കാണിക്കുന്നവരാണ് റാഫിദികൾ. ആരാണോ അവരോട് അരിശം കാണിക്കുന്നത്, ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ, അവൻ കാഫിർ തന്നെയാണ്.